# കേരള സർവകലാശാല

നം. പി.ആർ.034/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പരീക്ഷാ കേന്ദ്രങ്ങളിൽ മാറ്റം

2018 ഫെബ്രുവരി 16-ന് ആരംഭിക്കുന്ന ബി.എ (ആന്വൽ) പാർട്ട് ഒന്നും രണ്ടും സപ്ലിമെന്ററി പരീക്ഷകളുടെ ചില പരീക്ഷാകേന്ദ്രങ്ങളിലെ മാറ്റം ചുവടെ ചേർക്കുന്നു. കൊല്ലം ഫാത്തിമ മാത നാഷ്ണൽ കോളേജ് കേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ കൊല്ലം ശ്രീനാരായണ കോളേജിലും, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലേയും ചെമ്പഴന്തി ശ്രീനാരായണ കോളേജിലേയും വിദ്യാർത്ഥികൾ ഗവ. ആർട്ട്സ് കോളേജിലും, ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജിലെ വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി കോളേജിലും, നിറമൺകര എൻ.എസ്.എസ് വനിത കോളേജിലെ വിദ്യാർത്ഥികൾ തിരുവനന്തപുരം ഗവ. വനിത കോളേജിലും, കാഞ്ഞിരംകുളം കെ.എൻ.എം കോളേജിലെ വിദ്യാർത്ഥികൾ കാട്ടാക്കട കൃസ്ത്യൻ കോളേജിലും, ശാസ്താംകോട്ട ഡി.ബി കോളേജിലെ വിദ്യാർത്ഥികൾ ചവറ ബി.ജെ.എം ഗവ. കോളേജിലും, ഗവൺമെന്റ് സംസ്കൃത കോളേജിലെ ഓഫ്ലൈനായി അപേക്ഷിച്ച വിദ്യാർത്ഥികളും യൂണിവേഴ്സിറ്റി കോളേജ് കേന്ദ്രമായി ഓഫ്ലൈനായി അപേക്ഷിച്ചിരുന്ന ആൺകുട്ടികളും തിരുവനന്തപുരം എം.ജി കോളേജിലും, പെരിങ്ങമല ഇക്ബാൽ കോളേജിലെ വിദ്യാർത്ഥികൾ നെടുമങ്ങാട് ഗവ. കോളേജിലും പരീക്ഷയെഴുതേണ്ടതാണ്. മറ്റ് പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റമില്ല. മാറ്റമുള്ള കേന്ദ്രങ്ങളിൽ ഓഫ്ലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ പുതുക്കിയ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റേണ്ടതാണ്.

## എം.എ, എം.എസ്സി, എം.എച്ച്.ആർ.എം, എം.എസ്.ഡബ്ലിയു,ഫലം

2017 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ സംസ്കൃതം ജനറൽ, സംസ്കൃതം സ്പെഷ്യൽ (വേദാന്ത, ന്യായ, വ്യാകരണ സാഹിത്യ, ജ്യോതിഷ), തമിഴ്, അറബിക്, ഇസ്ലാമിക് ഹിസ്റ്ററി, ബിസിനസ്സ് ഇക്കണോമിക്സ്, സോഷ്യോളജി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എച്ച്.ആർ.എം, എം.എസ്.ഡബ്ലിയു, എം.എസ്സി ജിയോളജി, സൈക്കോളജി, ഹോംസയൻസ് എന്നിവയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക്ക് ഫലം

2017 ജൂലൈയിൽ നടന്ന ഒൻപതാം സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി ഫലം

2017 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്സി മാത്തമാറ്റിക്സ് പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി പ്രാക്ടിക്കൽ

2017 ഡിസംബറിൽ നടന്ന കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രോഗ്രാമിംഗ് ലാബ് III പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 14 മുതൽ അതാത് പരീ

ക്ഷാകേന്ദ്രങ്ങളിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ/എം.എസ്‌സി/എം.കോം/എം.എസ്.ഡബ്ല്യു സപ്ലിമെന്ററി പരീക്ഷ

2018 ഫെബ്രുവരിയിൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എ/എം.എസ്‌സി/ എം.കോം/ എം.എസ്.ഡബ്ല്യു സപ്ലിമെന്ററി പരീക്ഷകളുടെ രജിസ്ട്രേഷൻ ഫെബ്രുവരി 12 മുതൽ ആരംഭിക്കും. പരീക്ഷാഫീസ് പിഴകൂടാതെ ഫെബ്രുവരി 17, 50 രൂപ പിഴയോടെ ഫെബ്രുവരി 19, 125 രൂപ പിഴയോടെ ഫെബ്രുവരി 21 വരെയും അടയ്ക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ, എം.കോം ഫലം

2017 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ്, എം.കോം പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ മ്യൂസിക് ഓപ്പൺ കോഴ്സ് പ്രാക്ടിക്കൽ മാറ്റി

നിറമൺകര എൻ.എസ്.എസ് വനിത കോളേജിൽ വച്ച് ഫെബ്രുവരി 14-ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ മ്യൂസിക് ഓപ്പൺ കോഴ്സ് പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 19-ന് അതേ കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
09.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098